നിർമ്മിക്കുന്ന 90 വീടുകളുടേയും, സന്നദ്ധ സംഘടനകൾ മുഖേനയുള്ള 5 വീടുകളുടേയും പണി നടന്നുവരുന്നു. ഇതിൽ 317 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(2) വയനാട് ജില്ലയിൽ സുഗന്ധഗിരി, പൂക്കോട്, ചീങ്ങേരി കോളനികളിലായി 774 വീടുകളുടെ നിർമ്മാണം പുരോഗതിയിലാണ്.

(3) ഇടുക്കി ജില്ലയിലെ മറയൂർ, പന്തടിക്കളം, 80 ഏക്കർ സൂര്യനെല്ലി, വിലക്ക് കോളനികളിലെ ഭവനനിർമ്മാണം ഗുണഭോക്താക്കൾ മുഖേന പൂർത്തിയാക്കിവരുന്നു.

(4) കൊല്ലം ജില്ലയിലെ കുരിയോട്ടുമല കോളനിയിലെ ഭവന നിർമ്മാണം സംസ്ഥാന നിർമ്മിതി കേന്ദ്രം മുഖേനയും ഗുണഭോക്താക്കൾ മുഖേനയും പൂർത്തിയാക്കിവരുന്നു.

(സി) മറ്റ് വികസന പദ്ധതികൾ

(1) 01.44 കോടി രൂപ ചെലവിൽ കേരള കാർഷിക സർവ്വകലാശാല മുഖേന ആറളത്ത് ഒരു മൃഗപരിപാലന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ആറളത്ത് പുനരധിവസിപ്പിക്കപ്പെട്ട 232 ആദിവാസി കുടുംബങ്ങൾക്ക് പശു യൂണിറ്റും 247 കുടുംബങ്ങൾക്ക് ആട് യൂണിറ്റും അനുവദിക്കുന്ന പദ്ധതിയാണിത്.

(2) ഇടുക്കി ജില്ലയിലെ പന്തടിക്കളം പുനരധിവാസ മേഖലയിൽ 9.5 ലക്ഷം രൂപ ചെലവിൽ കോളനിക്ക് ചുറ്റും സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള പണി പുരോഗമിച്ചുവരികയാണ്.

(3) പന്തടിക്കളം 80 ഏക്കർ പുനരധിവാസ കോളനികളിൽ കാർഷിക വികസന പദ്ധതികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ

24 (*594) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത നെൽകൃഷി വികസന പദ്ധതികൾ ഏതെല്ലാം ; ഈ പദ്ധതികൾക്ക് എത്രമാത്രം സഹായം കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നെൽകൃഷി വികസനത്തിനായി കേന്ദ്ര ഗവൺമെന്റ് നൽകുന്ന സഹായം അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കൂടുതൽ സഹായം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും പ്രതികരണം ലഭിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി നെൽക്കൃഷി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ പദ്ധതിയുമാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്ക്കൃത നെൽക്കൃഷി വികസന പദ്ധതികൾ. പ്രസ്തുത പദ്ധതികൾക്കായി യഥാക്രമം 681.69 ലക്ഷം രൂപയും 262.35 ലക്ഷം രൂപയുമാണ് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിക്കുന്ന സഹായം.

(ബി) ഉണ്ട്.

(സി) കേന്ദ്ര പദ്ധതികൾക്ക് നിശ്ചിത മാനദണ്ഡം അനുസരിച്ച് മാത്രമേ കേന്ദ്ര സഹായം അനുവദിക്കുകയുള്ളൂ. ഇക്കാര്യത്തിലുള്ള മാനദണ്ഡം അനുബന്ധമായി ചേർത്തിരിക്കുന്നു.† മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള നെൽക്കൃഷി വികസന പദ്ധതിക്ക് മാനദണ്ഡം അനുസരിച്ചുള്ള കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ട്. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ പാലക്കാട് ജില്ലയെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ മറ്റ് ജില്ലകളെക്കൂടി ഉൾപ്പെടുത്തുമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഇക്കാര്യത്തിൽ പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.

വൈദ്യുതി രംഗത്ത് സ്വകാര്യമേഖലയെ പ്രയോജനപ്പെടുത്താൻ പദ്ധതികൾ

25 (*595) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വൈദ്യുതി രംഗത്ത് സ്വകാര്യമേഖലയെ പ്രയോജനപ്പെടുത്താൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നയമെന്താണെന്നും എത്ര സ്വകാര്യ പദ്ധതികൾക്കും ഏജൻസികൾക്കും അനുമതി നൽകി എന്നും വിശദമാക്കുമോ ;

(സി) ഇവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വികസന വകുപ്പ്

ക്രമ നമ്പർ	വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	വിജയ ശതമാനം
1	2006	5082	2120	41.69
2	2007	4907	2958	60.28
3	2008	4836	3998	82.46
4	2009	5127	4061	79.21
5	2010	5367	4204	78.33

അനുബന്ധം-II

[നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 24 (*594)]

ക്രമനമ്പർ	പദ്ധതി ഘടകം	മാനദണ്ഡം
1	പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കൽ (എ) നൂതനനെൽകൃഷി പ്രദർശനത്തോട്ടം (ബി) എസ്.ആർ.ഐ. പ്രദർശനത്തോട്ടം.	100 ഹെ.നെൽപ്പാടത്തിന് 0.4 ഹെ. എന്ന തോതിൽ.
2	വിത്തു വിതരണം	Seed replacement Rate 33%.
3	സൂക്ഷ്മമൂലകങ്ങളുടെ വിതരണം	അപര്യാപ്തതയുള്ള വിസ്തൃതിയുടെ 30%
4	കുമ്മായ വിതരണം	അമ്ല പ്രശ്നമുള്ള വിസ്തൃതിയുടെ 30%
5	മിനികിറ്റ്	50 ഹെക്ടറിന് 5 കിലോ വിത്തിന്റെ കിറ്റ്
6	ഫാംസ്കൂൾ	1000 ഹെക്ടറിന് ഒന്ന്
7	സസ്യ സംരക്ഷണം	ആകെ വിസ്തൃതിയുടെ 10%
8	പുതിയ സംരംഭങ്ങൾ	ആകെ തുകയുടെ 20%

LIBRARY ARCHIVES Kerala Legislative Assembly